ഉണ്ടാകണമെന്നും പറഞ്ഞ അവസരത്തിൽ മൂന്ന് എയർക്രാഫ്റ്റുകളിൽ ഒന്ന് കോഴിക്കോടും ഒന്ന് കൊച്ചിയിലും ഒന്ന് തിരുവനന്തപുരത്തുമായിട്ട് സ്റ്റേഷൻ ചെയ്തുകൊണ്ട് പൂർണ്ണമായിട്ട് സർവ്വീസ് നടക്കുമെന്നുള്ള അഭിപ്രായമായിരുന്നു ഉണ്ടായിരുന്നത്. അതിൽനിന്ന് വ്യത്യസ്തമായിട്ടാണ് ഇപ്പോൾ പത്രത്തിൽ കാണുന്നത്. ഏതായാലും ഗവൺമെന്റ് ഇതിന്റെ പ്രാധാന്യം ഒട്ടും കുറച്ചുകാണാൻ ആഗ്രഹിക്കുന്നില്ല. എയർ ഇൻഡ്യയുമായിട്ട് ഈ പ്രശ്നം ടേക്കപ്പ് ചെയ്യുന്നതാണ്. നേരത്തെ പറഞ്ഞതുപോലുള്ള തീരുമാനം അല്ലെങ്കിൽ ഇനിയിപ്പോൾ പ്രഖ്യാപിച്ചിട്ടുള്ളതിനേക്കാൾ കൂടുതൽ സർവ്വീസുകൾ വിവിധ കേന്ദ്രങ്ങളിലേക്ക് സർവ്വീസ് നടത്തണമെന്നുള്ള കാര്യത്തിൽ ഗവൺമെന്റ് സമ്മർദ്ദം ചെലുത്തുന്നതാണ്.

(5) ഉടുമ്പൻചോല സേനാപതി പഞ്ചായത്തിൽ കെ.എസ്.ഇ.ബി. സബ്സ്റ്റേഷന് ഭൂമി വിട്ടുകിട്ടുന്നതു സംബന്ധിച്ച്

ശ്രീ. കെ. കെ. ജയചന്ദ്രൻ: സർ, ഉടുമ്പൻചോല നിയോജക മണ്ഡലത്തിലെ ശാന്തൻപാറ, സേനാപതി, രാജകുമാരി, രാജാക്കാട് പ്രദേശങ്ങൾ ഏറ്റവും കൂടുതൽ വൈദ്യുതി ക്ഷാമവും വോൾട്ടേജ് ക്ഷാമവും അനുഭവപ്പെടുന്ന പ്രദേശങ്ങളാണ്. ഇതിന് പരിഹാരം കാണുന്നതിന് സേനാപതിയിൽ കെ.എസ്.ഇ.ബി.-യുടെ 33 കെ. വി. സബ്സ്റ്റേഷന് അനുമതി ലഭിച്ചിരുന്നു. അതിന് ആവശ്യമായ ഭൂമി റവന്യൂ വകുപ്പിൽനിന്നും വിട്ടുകൊടുക്കുന്നതിന് ഇടുക്കി ജില്ലാകളക്ടർ വഴി നമ്പർ സി(9) 26-55/2001 ആയി ഫയൽ നമ്പർ 16-10-2004-ൽ അയച്ചതാണ്. അടിയന്തിരമായി ഭൂമി അനുവദിച്ച് സബ്സ്റ്റേഷന്റെ പണി പൂർത്തിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്നുള്ള കാര്യം ശ്രദ്ധയിൽപ്പെടുത്തുന്നതിനാണ് ഈ സബ്മിഷൻ അവതരിപ്പിക്കുന്നത്.

ഊർജ്ജവകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്): ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞത് വളരെ ശരിയാണ്. സേനാപതിയിൽ 33 കെ. വി. സബ്സ്റ്റേഷൻ തുടങ്ങാനുള്ള തീരുമാനം ബോർഡ് എടുത്തിട്ടുണ്ട്. ആ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ഒരേക്കർ സ്ഥലം വിട്ട് തരാൻ കെ.എസ്.ഇ.ബി. അപേക്ഷിച്ചിരുന്നു. കളക്ടർ അത് കമ്മീഷണറേറ്റിലേക്ക് അയച്ചിരിക്കുകയാണ്. അത് ഫോളോ അപ് ചെയ്യുന്നുണ്ട്. അത് കിട്ടിക്കഴിഞ്ഞാൽ ഉടനെ തന്നെ താമസിയാതെ അതിന്റെ പ്രവർത്തനങ്ങൾ ആരംഭിക്കും. ബഹുമാനപ്പെട്ട മെമ്പറുമായിട്ട് ആലോചിച്ച് അതിന് ഒരു തറക്കല്ല് ഇടൽ കർമ്മവും നടത്തും.

(6) ആളിയാറിൽനിന്നും അർഹതപ്പെട്ട ജലം ലഭ്യമാക്കേണ്ടതിന്റെ ആവശ്യകത

ശ്രീ. കെ. എ. ചന്ദ്രൻ: അന്തർ സംസ്ഥാന നദീജല കരാറനുസരിച്ച് ആളിയാർ ഡാമിൽനിന്ന് വിട്ടുകിട്ടേണ്ട വെള്ളം ലഭിക്കുന്നില്ല. ഇത് കരാർ ലംഘനമാണ്. കേരളത്തിന് ലഭിക്കേണ്ട വെള്ളം ലഭ്യമാക്കണമെന്നുള്ള അടിയന്തിരാവശ്യമാണ് ഞാൻ ഉന്നയിക്കുന്നത്. ഇന്റർ സ്റ്റേറ്റ് നദീജല എഗ്രിമെന്റനുസരിച്ച് കേരളത്തിന് ഒരു ജല വർഷത്തിൽ 7.25 ടി.എം.സി. വെള്ളം ലഭിക്കേണ്ടതായിട്ടുണ്ട്. ഈ വർഷം 5.1 ടി.എം.സി. വെള്ളം മാത്രമേ ലഭിച്ചിട്ടുള്ളൂ. ഈ വർഷത്തെ ബാക്കി 2.15 ടി.എം.സി. ജലം ലഭിക്കാനുണ്ട്. ഈ വർഷം വെള്ളം എത്തിച്ചുകൊടുക്കുന്നതു സംബന്ധിച്ച്

LIBRARY ARCHIVES Kerala Legislative Assembly

ജെ.ഡബ്ല്യു.ആർ. ബോർഡിന്റെ ഒരു യോഗം 28-1-2005-ന് ഊട്ടിയിൽ വച്ച് ചേരുകയും മാർച്ച് മാസം കേരളത്തിന് ആവശ്യത്തിന് വെള്ളം നൽകുമെന്ന് ആ കമ്മിറ്റിയിൽ തീരുമാനം ഉണ്ടാവുകയും ചെയ്തിട്ടുണ്ട്. ഇത് അവർ പാലിക്കുന്നില്ല. കഴിഞ്ഞ വർഷം കൊടും വരൾച്ചയായിരുന്നു. ആ വർഷത്തിൽ 3.6 ടി.എം.സി. വെള്ളം നമുക്ക് ലഭിക്കാനുണ്ടായിരുന്നത് ലഭിച്ചിട്ടില്ല. നമുക്ക് ലഭിക്കാനുള്ള വെള്ളം തർക്കമറ്റ നിലയിൽ ലഭിക്കേണ്ടതുപോലും തരാതിരിക്കുന്നതിന് സാധ്യമല്ല. ഇതു സംബന്ധിച്ച് പത്രങ്ങളിൽ നിരന്തരമായി വാർത്ത വരുന്നുണ്ട്. ഇത് ആശങ്കയ്ക്കും തെറ്റിദ്ധാരണയ്ക്കും ഇടയാക്കുന്നുണ്ട്. കേരളം ആവശ്യപ്പെട്ട ആളിയാർ വെള്ളം തമിഴ്നാട് തരുന്നില്ല. അതിന് പ്രധാന കാരണം ആളിയാർ വെള്ളം മീൻകര ചുള്ളിയാർ ഡാമുകളിലൂടെയാണ് കൊണ്ടുവരുന്നത്. നമുക്ക് ലഭിക്കേണ്ട വെള്ളം തരാത്തത് ഇത് മുഖേനയാണ്. ഇത് വരാതിരിക്കാൻ ആവശ്യമായ നടപടിയെടുക്കുകയും നമുക്ക് ലഭിക്കേണ്ട വെള്ളം ലഭ്യമാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുകയും ചെയ്യണമെന്ന് അഭ്യർത്ഥിക്കുകയാണ്.

ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ) : സർ, 1970-ൽ കേരളവും തമിഴ്നാടും തമ്മിൽ ഒപ്പുവച്ച പറമ്പിക്കുളം-ആളിയാർ കരാർ അനുസരിച്ച് 7.25 ടി.എം.സി. ജലമാണ് മണക്കടവ് വിയറിൽ തമിഴ്നാട് പ്രതിവർഷം ലഭ്യമാക്കേണ്ടത്. എന്നാൽ 2005 ഫെബ്രുവരി രണ്ടാം ദൈവാരം വരെ 5.068 ടി.എം.സി. ജലമാണ് തമിഴ്നാട് ലഭ്യമാക്കിയിട്ടുള്ളത്. കരാർ പ്രകാരമുള്ള ജലം തരാൻ 28-1-2005-ൽ കൂടിയ 78-ാമത് Joint Water Regulation Board Meeting-ൽ കേരളം തമിഴ്നാടിനോട് ആവശ്യപ്പെട്ടിരുന്നു. അതിൻപ്രകാരം ഫെബ്രുവരി ഒന്നാം ദൈവാരത്തിൽ 540 ദശലക്ഷം ഘന അടിയും ഫെബ്രുവരി രണ്ടാം ദൈവാരത്തിൽ 599 ദശലക്ഷം ഘന അടിയും ജലം തമിഴ്നാട് ലഭ്യമാക്കുകയുണ്ടായി. മാർച്ച് ആദ്യ ദൈവാരത്തിൽ 400 ദശലക്ഷം ഘന അടി ജലം ലഭ്യമാക്കാമെന്നാണ് സമ്മതിച്ചിരുന്നത്. എന്നാൽ 3-3-2005 മുതൽ ഡിസ്ചാർജ്ജ് വളരെ കുറയുകയും 7-3-2005 മുതൽ അത് നിലച്ച മട്ടിൽ ആവുകയും ചെയ്തിട്ടുണ്ട്. 78-ാമത് Joint Water Regulation Board Meeting-ൽ സമ്മതിച്ച പ്രകാരം ജലലഭ്യത പുന:സ്ഥാപിക്കണമെന്ന് സംസ്ഥാന ചീഫ് എൻജിനീയർ തമിഴ്നാട് ചീഫ് എൻജിനീയറോട് ആവശ്യപ്പെട്ടിട്ടുണ്ട്. എത്രയും വേഗം മണക്കടവിലെ ജല ലഭ്യത പുന:സ്ഥാപിക്കാമെന്ന് തമിഴ്നാട് ഉറപ്പു നൽകിയിട്ടുണ്ട്. ചിറ്റൂർപുഴ പ്രദേശത്തെ രണ്ടാംവിള പൂർണ്ണമായും വിളവെടുപ്പ് കഴിഞ്ഞിരിക്കുന്നതിനാൽ കാർഷികാവശ്യത്തിനായി ഇപ്പോൾ ചിറ്റൂർപുഴ പ്രദേശത്ത് വെള്ളത്തിന്റെ ആവശ്യമില്ല എന്നാണ് റിപ്പോർട്ട് പറയുന്നത്. എന്നാൽപ്പോലും ഈ പ്രാവശ്യം ഒരു പുരോഗതികൂടി ഉണ്ടായിട്ടുണ്ട്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും ശ്രീ. കുഞ്ഞാലിക്കുട്ടി സാഹിബും ഞാനും അടക്കം ഗവൺമെന്റിന്റെ ഒരു ഉന്നതതല സംഘം തമിഴ്നാട് മുഖ്യമന്ത്രിയും തമിഴ്നാട്ടിലെ ശ്രീ. പനീർശെൽവം അടക്കമുള്ള മന്ത്രിമാരുമായി സംസാരിച്ചതിന്റെ ഒരു ഫോളോ അപ് ആക്ഷൻ എന്നുള്ള നിലയിൽ ഈ വർഷം കേരളാ ഷോളയാറിൽ 1970-ന് ശേഷം ആദ്യമായി അവർ എഗ്രീ ചെയ്തിട്ടുള്ള 2663 അടി വെള്ളം ലഭിച്ചിട്ടുണ്ട് എന്നുള്ളത് ഓർമ്മിപ്പിക്കുകയാണ്. അതേസമയം മണക്കടവ് വിയറിൽ നമുക്ക് ലഭ്യമാക്കാനുള്ള ജലം ഈ വാട്ടർ ഇയറിൽ ലഭിക്കേണ്ടത് ലഭിക്കുന്നതിനു വേണ്ടിയുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly